## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5871

09.07.2012- ലെ മറുപടിക്ക്

### ചകിരിയുൽപാദനത്തിന്റെ അപര്യാപ്തതയും കയറുൽപന്നങ്ങളുടെ ആഭ്യന്തര വിദേശവിപണിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ വെളിപ്പെടുത്തുമോ; | (എ) കയർ വ്യവസായ മേഖലയുടെ ഒരു പ്രധാന പ്രതിസന്ധി ഈ മേഖലയിലെ കുറഞ്ഞ കൂലിയും, നിർമ്മാണ മേഖല ഉൾപ്പെടെയുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കുമാണ്. ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ചകിരി യഥാസമയം ലഭിക്കാതിരിക്കുന്നതും മറ്റൊരു കാരണമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ പിരിമേഖലയിൽ തൊഴിലാളികളുടെ വേതനം കുറഞ്ഞത് 210/- രൂപയും, ഉല്പന്ന മേഖലയിൽ 285/- രൂപയും ആയി നിജപ്പെടുത്തി. കയർപിരി മേഖലയിൽ നിശ്ചയിച്ച 210/- രൂപയിൽ ഒരു വിഹിതം ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ നേരിട്ട് തൊഴിലാളിക്ക് നൽകുന്നു. ഈ കൂലി സംഘം/സ്വകാര്യ സംരംഭകർ നൽകുന്ന കൂലിയേക്കാൾ പൊതുവെ കൂടുതലാണ്. ഈ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് കയർ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികൾ ആകർഷിക്കപ്പെടുന്നുണ്ട്. |

| | |
|---|---|
| | കൂടാതെ, നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചു. ഇതു പ്രകാരം പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും തൊണ്ട് സംഭരണത്തിൽ ഭാഗഭാക്കാ കാവുന്നതാണ്. ഇത് അവർക്ക് കൂടുതൽ വേതനം നേടാൻ സാഹചര്യ മൊരുക്കിയിട്ടുമുണ്ട്. മാത്രമല്ല, 2011-12 വർഷം 389 സംഘങ്ങൾക്ക് 9,54,73,406/- രൂപ പ്രവർത്തന മൂലധനവും നൽ കിയിട്ടുണ്ട്. ഇതുവഴി കൂടുതൽ പേർക്ക് തൊഴിലവസരവും ലഭിക്കുന്നതാണ്. മാത്രമല്ല, കയർ സംഭരണം ശക്തമാക്കാൻ മുൻവർഷ ങ്ങളിൽ നൽകിയതു കൂടാതെ ഈ സാമ്പത്തികവർഷം 3.00 കോടി രൂപ കയർഫെഡിനും പ്രവർത്തന മൂലധനമായി നൽകി. കയറുല്പന്നങ്ങളുടെ ആഭ്യന്തര/വിദേശ വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'കയർ കേരള' എക്സിബിഷൻ കഴിഞ്ഞ 2 വർഷങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ഈ വർഷവും കയർ കേരള എക്സിബിഷൻ സംഘടിപ്പിക്കുന്നതാണ്. |
| (ബി)കയർ വ്യവസായത്തിനാവശ്യമായ ചകിരിയുത്പാദനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനം നേരിടുന്ന രൂക്ഷമായ ചകിരിക്ഷാമം പരിഹരിക്കുന്നതിനായി കയർ കമ്മീഷൻ ശുപാർശചെയ്ത തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 36 തൊ ണ്ട് സംഭരണ കൺസോർഷ്യങ്ങൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട് ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചും സ്വന്തം ആവശ്യത്തിൽ ചകിരി ഉല്പ്പാദിപ്പിക്കുന്ന കയർപിരി സംഘങ്ങൾക്ക് ധനസഹായം നൽകി പദ്ധതിയിൽ ഭാഗഭാക്കാക്കിയും തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചിട്ടുണ്ട്. തൊണ്ട സംഭരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പ ദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| സി)കയർമേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രസർക്കാർ | സി) കയർ മേഖലയുടെ പ്രതിസന്ധി പരിഹരിക്കണമെന്ന രീതിയിൽ കേന്ദ്ര സർക്കാർ |

| | |
|---|---|
| എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; | സംസ്ഥാന സർക്കാരിന് നേരിട്ട് സഹായമൊന്നും ഇപ്പോൾ നൽകിയിട്ടില്ല. എന്നാൽ, വിപണി വികസന പദ്ധതി (എം.ഡി.എ.) നടപ്പിലാക്കുമ്പോഴുള്ള സഹായത്തിന്റെ 50% കയർ ബോർഡു വഴി റീ ഇംബേഴ്സ്മെൻറ് ആയി ലഭിക്കുന്നുണ്ട്. |
| (ഡി)കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ 'കയർ കേരള' അന്താരാഷ്ട്രമേള സംഘടിപ്പിച്ചു. സെയിൽസ് നെറ്റ്വർക്ക് വികസിപ്പിക്കാനും പുതിയ ഉല്പന്നങ്ങൾ വികസിപ്പിക്കുവാനുമുള്ള നടപടികൾ കയർഫെഡ് സ്വീകരിച്ചുവരുന്നു. ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് " ഫോമിൽ കയർ ഷോപ്പി" എന്ന പേരിൽ 100 ഓളം ഷോറൂമുകൾ തുറക്കുന്നതിന് ഫോംമാറ്റിംഗ്സ്(ഇന്ത്യാ) ലിമിറ്റഡ് സ്വീകരിച്ച നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ, ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനു വേണ്ടി കയർ കോർപ്പറേഷൻ വടക്ക് കിഴക്ക് സംസ്ഥാനങ്ങളിൽ ഷോറൂമുകളും പ്രദർശന വിൽപ്പന ശാലകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.. വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര വ്യാപാര മേളകളിലും പങ്കെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ